കൃഷിഭൂമി കുടുംബ ഭാഗം കഴിക്കുമ്പോൾ തൊഴിലാളികളെ ഭാഗിക്കാനുള്ള നിയമം

1266 [2034] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂവുടമ കൈവശ കൃഷിഭൂമിയെ കുടുംബ ഭാഗം കഴിക്കുമ്പോൾ കർഷക തൊഴിലാളി നിയമം, തൊഴിലാളികളെ ഭാഗിക്കാൻ അനുശാസിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഏത് ചട്ടപ്രകാരമാണ്? ഇല്ലെങ്കിൽ ജില്ലാ ലേബർ ഓഫീസർമാർ ഉടമകളെക്കൊണ്ട് തൊഴിലാളികളെ പങ്കിട്ടുകൊടുക്കുകയും ഭൂവുടമാ പ്രതിനിധികളെയും, തൊഴിലാളി പ്രതിനിധികളെയും ചേർത്ത് എഗ്രിമെന്റ് ഒപ്പിടുവിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കുമോ?

ഉത്തരം

ഭൂവുടമ കൈവശ ഭൂമിയെ കുടുംബ ഭാഗം കഴിക്കുമ്പോൾ കർഷക തൊഴിലാളികളെയും ഭാഗിക്കണമെന്ന് കർഷക തൊഴിലാളി നിയമത്തിൽ പ്രത്യേകം വ്യവസ്ഥ ഇല്ല. എന്നാൽ കർഷക തൊഴിലാളികൾക്ക് അവർ ജോലി ചെയ്തിരുന്ന ഭൂമിയിൽ കുടിയിരിക്കാൻ മുൻഗണന നൽകണമെന്ന് വ്യവസ്ഥയുണ്ട്.

തൊഴിലവസരങ്ങൾ യഥാർത്ഥ തൊഴിലാളികൾക്ക് നഷ്ടപ്പെടുന്ന അവസരങ്ങളിൽ, ജില്ലാ ലേബർ ഓഫീസർമാർ ഇടപ്പെട്ട് തർക്കങ്ങൾ തീർക്കുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. അതിന്റെ ഭാഗമായിട്ട് ഉണ്ടാകാവുന്ന ഒത്തുതീർപ്പ് വ്യവസ്ഥകളിൽ നിലവിലുള്ള ഉടമകൾ പിന്നീട് ഭാഗിച്ച് കിട്ടുന്ന ഭൂവുടമകൾ, തൊളിലാളി പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ഒത്തുതീർപ്പുകൾ ഉണ്ടാക്കാറുണ്ട്. ഇതിന്റെ ഫലമായി ഭൂമി ഭാഗിക്കുന്നതിനു മുമ്പുള്ള എല്ലാ തൊഴിലാളികൾക്കും ജോലി ലഭിക്കുകയും ചെയ്യും. ഇതിൽ അപാകത ഒന്നും ഇല്ല. അതുകൊണ്ട് ഈ രീതി അവസാനിപ്പിക്കുവാൻ ഉദ്ദേശമില്ല.

പുതുതായി നിർമ്മിക്കുന്ന വില്ലേജ് ഓഫീസുകൾ

1267 [2035] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഏതെങ്കിലും വില്ലേജ് ഓഫീസുകൾ പുതുതായി നിർമ്മിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എവിടെയെല്ലാം;

(സി) ഓരോന്നിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെയായി എന്നു വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly